## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 468** **27.06.2019 ൽ മറുപടിയ്ക്ക്**

## നിഷിനെ സർവ്വകലാശാലയാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. എം.ഉമ്മർ**<br>**ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | നിഷിനെ സർവ്വകലാശാലയാക്കി മാറ്റുന്ന കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നയപരിപാടികൾ വിശദമാക്കാമോ; | (എ) | 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ താല്പര്യം അറിയിച്ചിരുന്നു. എന്നാൽ രാജ്യസഭയിൽ ചോദ്യത്തിന് മറുപടിയായി നാഷണൽ യൂണിവേഴ്സിറ്റി വടക്കുകിഴക്കൻ മേഖലയിൽ സ്ഥാപിയ്ക്കാനാണ് തീരുമാനം എന്ന് അറിയിച്ചെങ്കിലും ഔദ്യോഗിക അറിയിപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ അനുകൂലമായ തീരുമാനം എടുക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സാമൂഹ്യ നീതി വകുപ്പിന് 19.11.2018 ൽ കത്തയച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും ഔദ്യോഗിക മറുപടി ലഭിയ്ക്കാത്തതിനാൽ നിഷിനെ സംസ്ഥാന തലത്തിലുള്ള സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള സാദ്ധ്യതകളും പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറിയ സാഹചര്യത്തിൽ ഇതിനായി സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിൽ കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗിക മറുപടി ലഭിച്ചിട്ടില്ല. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ നിഷിനെ സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വകലാശാലയായി ഉയർത്തുന്ന കാര്യം ഗൗരവമായി പരിശോധിച്ചുവരുന്നു. |
| (സി) | നിലവിൽ കേരള സർവ്വകലാശാലയുടെയും ആരോഗ്യ സർവ്വകലാശാലയുടെയും കീഴിൽ പ്രവർത്തിക്കുന്ന നിഷിന്റെ സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ സ്ഥാപനത്തെ സർവ്വകലാശാലയാക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിൽ കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി മറുപടി ലഭിച്ചിട്ടില്ല. നിഷിനെ സംസ്ഥാന ഉടമസ്ഥതയിലുള്ള സർവ്വകലാശാലയാക്കുന്ന വിഷയവും ഗൗരവമായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.